പി.എ സൈനുദ്ദീൻ

# ജനങ്ങൾക്ക് സന്തോഷമുണ്ടാക്കുക

عَنْ أَبِي بُرْدَة رَضِيَ الله عَنْهُ عَنْ أبيهِ أنَّ النّبِيَّ ﷺ بَعَثَ مُعَاذا وَأَبَا مُوسى إلى اليَمَنِ قَالَ: يَسِّرَا وَلَا تُعَسِّرَا ، بَشِّرَا وَلَا تُنَفِّرَا وتَطَاوَعَا ولَا تَخْتَلِفَا (بخارى، مسلم)

**അബൂബുർദ(റ) തന്റെ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു: നബി(സ) മുആദ് ബ്നു ജബലിനെയും അബൂമൂസൽ അശ്അരിയെയും യമനിലേക്ക് അയച്ചപ്പോൾ അവരോട് പറഞ്ഞു: “ജനങ്ങൾക്ക് നിങ്ങൾ എളുപ്പമുണ്ടാക്കുക, പ്രയാസമുണ്ടാക്കരുത്. അവർക്ക് സന്തോഷമുണ്ടാക്കുക, വെറുപ്പുണ്ടാക്കരുത്. നിങ്ങൾ ഏകോപിച്ചുകൊണ്ട് തീരുമാനമെടുക്കുക. പരസ്പരം ഭിന്നിക്കരുത്” (ബുഖാരി, മുസ്‌ലിം).**

പ്രബോധന പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി നബി(സ) തന്റെ അനുചരന്മാരിൽ നിന്ന് യോഗ്യരായവരെ തെരഞ്ഞെടുത്ത് ഇതര നാടുകളിലേക്ക് ഇസ്‌ലാമിക പ്രബോധനത്തിനു വേണ്ടി അയക്കുമ്പോൾ ആ സമൂഹത്തിൽ അവർ പാലിച്ചിരിക്കേണ്ട നയസമീപന രേഖയാണ് ഈ തിരുവചനത്തിലൂടെ പഠിപ്പിക്കുന്നത്.

യുക്തിജ്ഞനായ ദൈവം നൂറു ശതമാനവും പ്രകൃതിക്ക് ഇണങ്ങുന്ന തരത്തിലുള്ള നിയമവ്യവസ്ഥകൾ ഇസ്‌ലാമിക ജീവിതപദ്ധതിയായിക്കൊണ്ട് മുഹമ്മദ്(സ) മുഖേന നമുക്ക് പ്രദാനം ചെയ്തിരിക്കുന്നു. പ്രകൃതിവിരുദ്ധമായ ഒന്നും ഇസ്‌ലാമിന്റെ അധ്യാപനങ്ങളിലില്ലാത്തതുകൊണ്ട് അതു പ്രയോഗവത്കരിച്ച് ജീവിക്കുന്നവർക്ക് ഒരു പ്രയാസവും അനുഭവപ്പെടുകയില്ലെന്നത് സ്വാഭാവികം. എന്നാൽ, വാചാ കർമണാ അത് മറ്റുള്ളവരിലേക്കെത്തിക്കുന്ന ഉത്തരവാദിത്തം ബാധ്യതയായി ഏറ്റെടുത്തിരിക്കുന്നവർ എത്ര കണ്ട് സൂക്ഷ്മത പാലിക്കണം എന്ന്, നബി(സ) യമനിലെ ജനങ്ങളെ ഇസ്‌ലാം പഠിപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട മുആദിനെയും അബൂമൂസയെയും അഭ്യസിപ്പിക്കുന്നത് എക്കാലത്തുമുള്ള വിശ്വാസികൾക്ക് മാതൃകയാകുന്നു.

മറ്റൊരിക്കൽ ഇതേ മുആദുബ്നു ജബൽ (റ) ജനങ്ങൾക്ക് ഇമാമായി നമസ്കരിച്ചപ്പോൾ ഖുർആൻ പാരായണം അൽപം നീണ്ടു പോയതിന്റെ പേരിൽ ജനങ്ങൾ പരാതി പറഞ്ഞപ്പോൾ ‘നീ ഒരു കുഴപ്പക്കാരനാകാനാണോ ഉദ്ദേശിക്കുന്നത്’ എന്ന് ചോദിച്ചുകൊണ്ട് വിമർശിച്ച സംഭവവും ഹദീസുകളിൽ വിവരിച്ചു കാണുന്നു.

അഞ്ചു നേരത്തെ നിർബന്ധ നമസ്കാരം വിശ്വാസിയെ സംബന്ധിച്ചേടത്തോളം ജീവവായു പോലെയാണ്. പക്ഷേ അസാധ്യവും അസൗകര്യവുമുണ്ടാകുന്ന സന്ദർഭങ്ങളിൽ അതിൽ ഇളവുകൾ നൽകപ്പെട്ടിരിക്കുന്നു. ദാനധർമങ്ങൾ നിർബന്ധമായാലും ഐഛികമായാലും ഒരു ഭാരവും ദായകർക്ക് ഉണ്ടാകാതിരിക്കാൻ ചില കർശന വ്യവസ്ഥകൾ നിശ്ചയിച്ചിരിക്കുന്നു. നോമ്പാകട്ടെ വിശ്വാസികൾക്ക് പ്രയാസം കൂടാതെ നിർവഹിക്കാൻ സൗകര്യപ്പെടുത്തിക്കൊണ്ട് തന്നെയാണ് നിർബന്ധമാക്കിയിരിക്കുന്നത്. നബി(സ) യോടൊപ്പം ഹജ്ജ് സമ്മേളനത്തിൽ പങ്കെടുത്ത അനുയായികളുടെ ഹജ്ജുമായി ബന്ധപ്പെട്ട സംശയങ്ങൾ അവരുടെ ഹജ്ജ് കർമങ്ങൾ പരമാവധി പ്രയാസം കുറഞ്ഞ തരത്തിൽ ചെയ്യാൻ ഉപദേശങ്ങൾ നൽകി പരിഹരിച്ചു പ്രവാചകൻ (സ).

പള്ളിയിൽ മൂത്രമൊഴിച്ച ഗ്രാമീണനായ അറബിയുടെ മേൽ ചാടി വീഴാൻ തുനിഞ്ഞ സ്വഹാബികളോട്, ‘നിങ്ങൾ പ്രയാസപ്പെടുത്തുന്നവരായിട്ടല്ല, എളുപ്പമാക്കുന്നവരായാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്’ എന്ന പ്രവാചകന്റെ ഉപദേശം എത്ര ഹൃദ്യമാണ്!

ജിഹാദിനു പോകാൻ തയാറായി വന്ന സ്വഹാബിയോട് തന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അവർക്ക് സേവനമർപ്പിക്കുകയാണ് വേണ്ടതെന്ന് നബി(സ) ഉപദേശിക്കുമ്പോൾ, സുപ്രധാന കർമമായ ജിഹാദിന്റെ പ്രാധാന്യം കുറച്ചുകൊണ്ട് മറ്റൊരു സൽകർമം ചെയ്യാൻ കൽപ്പിക്കുകയായിരുന്നില്ല നബി. പക്ഷേ ആ സാഹചര്യത്തിൽ അദ്ദേഹത്തിനു അതാണ് ഉചിതം എന്നു പ്രവാചകന് നല്ല ബോധ്യമുണ്ടായിരുന്നു.

പ്രവർത്തനരംഗത്ത് ചില സന്ദർഭങ്ങളിൽ ശാഖാപരമായ വിഷയങ്ങളിൽ വിഭിന്ന വീക്ഷണങ്ങൾ ഉണ്ടാകുമ്പോൾ, അല്ലെങ്കിൽ വ്യക്തിപരമായ ദുശ്ശാഠ്യം സാധ്യമാകാതെ വരുമ്പോൾ, അതുമല്ലെങ്കിൽ സഹപ്രവർത്തകരെ തന്റെ വഴിക്ക് കിട്ടാതാകുമ്പോൾ, മൊത്തം സംവിധാനങ്ങൾക്ക് കുഴപ്പവും ഛിദ്രതയും സൃഷ്ടിക്കുകയെന്നതായിരിക്കരുത് യഥാർഥ ഇസ്‌ലാമിക പ്രവർത്തകന്റെ നിലപാട്. മറിച്ച്, താൻ നിലകൊള്ളുന്ന ദീനിന്റെയും പ്രസ്ഥാനത്തിന്റെയും വളർച്ചക്കും ഉത്തമ താൽപര്യങ്ങൾക്കും മുൻഗണന നൽകി, യോജിപ്പിന്റെയും രഞ്ജിപ്പിന്റെയും രീതി സ്വീകരിക്കുകയാണ് വേണ്ടത്. ■